ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിൻറെ 119-ാ൦ പതിപ്പ് ഇന്ന് രാവിലെ 11 മണിക്ക്.

   Prime Minister Modi to share his thoughts with the people in the 'Mann Ki Baat' programme on Akashvani today

2. പ്രധാനമന്ത്രിയുടെ മൂന്നു ദിവസത്തെ മധ്യപ്രദേശ്, ബിഹാർ, അസം സന്ദർശനത്തിന് ഇന്ന് തുടക്കമാകും; ബാഗേശ്വർ ധാം ഗവേഷണ സ്ഥാപനത്തിന് -പ്രധാനമന്ത്രി ഇന്ന് തറക്കല്ലിടും.

   Prime Minister's three-day visit to Madhya Pradesh, Bihar and Assam begins today; PM to lay foundation stone for Bageshwar Dham Research Institute today.

3. ക്ഷയരോഗ നിർമാർജന കാമ്പയിനിലൂടെ രാജ്യത്ത് അഞ്ച് ലക്ഷത്തിലധികം ക്ഷയരോഗികളെ കണ്ടെത്തിയതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   The 100-day TB elimination campaign of the Ministry Of Health and Family Welfare has detected over five lakh tuberculosis (TB) patients across the country.

4. കേരളത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ നിക്ഷേപക സംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി പി.രാജീവ്.

   Kerala Minister P. Rajeev says that an investor meet will be organized in Kerala once every three years.

5. **വയനാട് ചൂരൽമല-മുണ്ടക്കൈ പുനരധിവാസത്തിനുള്ള രണ്ടാം കരട് പട്ടിക തയ്യാറായി; പട്ടികയിൽ 81 കുടുംബങ്ങൾ.**

   **The second draft list for the rehabilitation of Wayanad's Chooralmala-Mundakai has been prepared; 81 families are on the list.**

6. **ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ ആവേശപ്പോരാട്ടം; മത്സരം ഉച്ചയ്ക്ക് 2.30 മുതൽ.**

   **In the ICC Men's Champions Trophy, India will take Pakistan at the Dubai International Stadium. The match is set to begin at 02:30 PM Indian Time.**

****************************************************************************

## HEADLINE – 1

### MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11ന്. പരിപാടിയുടെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശനൻറേയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

****************************************************************************

## HEADLINE –2

### MORN. PM - VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മധ്യപ്രദേശ്, ബിഹാർ, അസം സംസ്ഥാനങ്ങളിലേക്കുള്ള മൂന്നു ദിവസത്തെ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഇന്ന് ഉച്ചകഴിഞ്ഞ് മധ്യപ്രദേശിലെ ഛത്തർപുരിൽ എത്തുന്ന അദ്ദേഹം , ബാഗേശ്വർ ധാം ശാസ്ത്ര-വൈദ്യശാസ്ത്ര ഗവേഷണ സ്ഥാപനത്തിൻറെ തറക്കല്ലിടൽ നിർവഹിക്കും. ഭോപ്പാലിൽ 'ആഗോള നിക്ഷേപക ഉച്ചകോടി'യും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. നാളെ ബിഹാറിലെ ഭാഗൽപുരിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം പിഎം കിസാൻ

പദ്ധതിയുടെ 19-ാമത് ഗഡു കർഷകർക്കു വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള 9.7 കോടിയിലധികം കർഷകർക്ക് 21,500 കോടിയിലധികം രൂപയുടെ നേരിട്ടുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന പദ്ധതിയാണിത്. തുടർന്ന്, അസം ഗുവാഹത്തി ജുമോയിർ ബിനന്ദിനി 2025 പരിപാടിയിൽ ശ്രീ മോദി പങ്കെടുക്കും. മറ്റന്നാൾ, ഗുവാഹത്തിയിൽ അഡ്വാന്റേജ് അസം 2.0 നിക്ഷേപ, അടിസ്ഥാന സൗകര്യ ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

****************************************************************************

## VP-JAIPUR VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് രാജസ്ഥാൻ സന്ദർശിക്കും. ജയ്പുർ ദേശീയ സർവകലാശാലയുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും.

****************************************************************************

## INDIA-JAPAN MILITARY EXERCISE

ഇന്ത്യ-ജപ്പാൻ സംയുക്ത സൈനികാഭ്യാസമായ ധർമ്മ ഗാർഡിയന്റെ ആറാം പതിപ്പ് ഇന്ന് മുതൽ മാർച്ച് 9 വരെ ജപ്പാനിൽ നടക്കും. ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ ഇരുസേനകളും തമ്മിലുള്ള പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് സൈനികാഭ്യാസത്തിന്റെ ലക്ഷ്യം. സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്നതിനായി 120 അംഗ സംഘം ജപ്പാനിലേക്ക് യാത്ര തിരിച്ചു.

****************************************************************************

## AMIT SHA UMBRELLA ORG (INTRO)

രാജ്യത്തെ എല്ലാ വ്യക്തികൾക്കും അവരുടെ കഴിവനുസരിച്ച് ജോലി ലഭ്യമാക്കി, രാജ്യ പുരോഗതിയിൽ പങ്കാളികളാക്കാൻ സഹകരണ പ്രസ്ഥാനത്തിലൂടെ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. സഹകരണ ബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാമായി അംബ്രല്ല ഓർഗനൈസേഷന് രൂപം നൽകിയെന്നും ഇതിലൂടെ എല്ലാ സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്താനാകുമെന്നും ശ്രീ ഷാ പറഞ്ഞു.

***************************************************************************

## NIRMALA SITARAMAN- AI

നിർമ്മിത ബുദ്ധി പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഉപയോഗത്തിൽ ധാർമികത ഉണ്ടാകണമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. കോട്ടയം IIIT യുടെ ആറാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര മന്ത്രി. കമ്പ്യൂട്ടിംഗ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും, തദ്ദേശീയമായി നിർമിത ബുദ്ധി വികസിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നതിനുമായി ആരംഭിച്ച 'ഇന്ത്യ AI മിഷൻ' ഏറെ പ്രാധാന്യമർഹിക്കുന്നതായും ശ്രീമതി നിർമ്മല സീതാരാമൻ വ്യക്തമാക്കി.

***************************************************************************

## JAISHANKAR – ON HEALTH

ആരോഗ്യ പരിപാലനം ജനങ്ങളുടെ മൗലിക അവകാശമാണെന്ന് കേന്ദ്ര മന്ത്രി എസ് ജയശങ്കർ. ഇന്നലെ ന്യൂ ഡൽഹിയിൽ നടന്ന അന്തരാഷ്ട്ര ആരോഗ്യ സംവാദത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യ പരിഹാര ദാതാവ്, വികസന പങ്കാളി എന്നീ നിലകളിൽ ആഗോള ആരോഗ്യ സുരക്ഷയിൽ ഇന്ത്യയുടെ സംഭാവന വലുതാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

***************************************************************************

## TELANGANA- RESCUE OPERATION

തെലങ്കാനയിൽ തുരങ്കത്തിൽ കുടുങ്ങിയ തൊഴിലാളികളെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. നാഗർകുർണൂലിൽ ഇന്നലെ രാവിലെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന തുരങ്കത്തിൻറെ മേൽക്കൂര തകർന്ന്, 8 പേർ കുടുങ്ങിയത്. രക്ഷാപ്രവർത്തനത്തിൽ കേന്ദ്ര സർക്കാരിൻറെ പൂർണ്ണ പിന്തുണ പ്രധാനമന്ത്രി ഉറപ്പ് നൽകി.

***************************************************************************

## HEADLINE – 3

### TB-CAMPAIGN

കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം 100 ദിവസത്തെ ക്ഷയരോഗ നിർമാർജന കാമ്പയിനിലൂടെ രാജ്യത്തുടനീളം അഞ്ച് ലക്ഷത്തിലധികം ക്ഷയരോഗികളെ കണ്ടെത്തി. 455 ജില്ലകളിലായി നടത്തിയ പരിശോധനയിൽ മൂന്ന് ലക്ഷത്തി 57,000-ത്തിലധികം ക്ഷയരോഗികളെ കണ്ടെത്തി. ആകെ 10 കോടിയിലധികം വ്യക്തികളെ പരിശോധനയ്ക്ക് വിധേയമാക്കിയതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു.

*************************************************************************

### SHIVRAJ-FARMERS (Intro)

രാജ്യത്തെ കർഷകർ പ്രകൃതി കൃഷി രീതികൾ തെരെഞ്ഞെടുക്കണമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഹരിയാനയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി ദേശീയ പ്രകൃതി കൃഷി മിഷനിൻറെ കീഴിൽ ഒരു ദേശീയ കമ്മിറ്റിക്ക് രൂപം നൽകുമെന്നും കേന്ദ്ര മന്ത്രി അറിയിച്ചു. ശരിയായ രീതിയിൽ ഇടവിള കൃഷി പ്രയോജനപ്പെടുത്തിയാൽ കർഷകർക്ക് അധിക ലാഭം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്....)

*************************************************************************

## HEADLINE – 4

### P RAJEEV - INVEST KERALA

കേരളത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ നിക്ഷേപകസംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി പി.രാജീവ്. Invest Kerala ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൻറെ വ്യവസായമേഖലയിലെ മികവ് ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാൻ ഉച്ചകോടിക്ക് സാധിച്ചു. ആകെ 1.53 ലക്ഷം

കോടി രൂപയുടെ നിക്ഷേപക വാഗ്ദാനങ്ങളാണ് കേരളത്തിന് ലഭിച്ചതെന്നും മന്ത്രി പറഞ്ഞു.

*****************************************************************************

# HEADLINE – 5

## WAYANAD PRIORITY LIST

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്ത മേഖലയിൽ നോ സോൺ പ്രദേശത്തെ കരട് പട്ടിക തയ്യാറായി. വാസയോഗ്യമല്ലാത്ത വീടുകൾ ഉൾപ്പെടുന്നവരുടെ പട്ടികയാണ് പുറത്തിറക്കിയത്. 81 കുടുംബങ്ങൾ കരടു പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പത്താം വാർഡിലെ 42 കുടുംബങ്ങളും പതിനൊന്നാം വാർഡിലെ 29 ഉം, പന്ത്രണ്ടാം വാർഡിലെ 10 ഉം കുടുംബങ്ങളാണ് പട്ടികയിലുള്ളത്. പട്ടികയിൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 10 ദിവസത്തിനകം ഉന്നയിക്കാൻ അവസരമുണ്ട്. മാർച്ച് ഏഴ് വരെ ആക്ഷേപങ്ങൾ നൽകാം.

*****************************************************************************

## KERALA LOCAL BYELECTION

കേരളത്തിലെ 28 തദ്ദേശ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ് നടക്കും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് മണിവരെയാണ് പോളിംഗ്. വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി 87 സ്ഥാനാർത്ഥികൾ ജനവിധി തേടുന്നു. ആകെ 77 പോളിങ് ബൂത്തുകളാണുള്ളത്. വോട്ടെണ്ണൽ ഈ മാസം 25-ന് നടക്കും.

*****************************************************************************

## CANCER SCREEN KERALA

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി കേരള ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന "ആരോഗ്യം ആനന്ദം അകറ്റാം അർബുദം "- ക്യാമ്പയിൻ വഴി 18 ദിവസത്തിനിടെ മൂന്ന് ലക്ഷത്തിലധികം പേരെ കാൻസർ സ്ക്രീനിങ്ങിന് വിധേയരാക്കി. സംസ്ഥാനത്തെ 1,381 സർക്കാർ ആശുപത്രികളിൽ സ്ക്രീനിങ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ 16,644 പേർ തുടർ പരിശോധനയ്ക്ക് റഫർ ചെയ്യുതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.

******************************************************************

## HEADLINE – 6

### ICC-IND-PAK

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ ആവേശപ്പോരാട്ടം. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30-നാണ് മത്സരം. ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയതിൻറെ ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ കളത്തിലിറങ്ങുന്നത്. ഇന്ന് ജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ബർത്ത് ഏറെക്കുറെ ഉറപ്പാക്കാം. അതേസമയം, ന്യൂസിലൻഡിനോട് പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരവും വിജയിച്ചില്ലെങ്കിൽ പുറത്തേക്കുള്ള വഴി തെളിയും. അതിനിടെ ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെ ഓസ്ട്രേലിയ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

******************************************************************

### ISL

ISL ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ എഫ് സി ഗോവയ്ക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിന് പരാജയം. മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെട്ടതോടെ കേരളത്തിൻറെ പ്ലേ ഓഫ് പ്രതീക്ഷകൾ മങ്ങി. ഇന്നത്തെ മത്സരത്തിൽ മോഹൻബഗാൻ-ഒഡീഷയെ നേരിടും. രാത്രി 7.30നാണ് മത്സരം.

******************************************************************

### SUDAN-CHOLERA OUTBREAK

സുഡാനിൽ, കോളറ ബാധിച്ച് 60 ഓളം പേർ മരിച്ചു. ഏകദേശം 1,300 പേർ രോഗം ബാധിതരായി. സൈനിക ആക്രമണത്തെത്തുടർന്ന് നഗരത്തിലെ ജലശുദ്ധീകരണ പ്ലാൻറ് അടച്ചുപൂട്ടിയതാണ് പകർച്ചവ്യാധിയ്ക്ക് കാരണമായതെന്ന് അധികൃതർ അറിയിച്ചു.

******************************************************************

## PREZ EU - INDIA

യൂറോപ്യൻ കമ്മീഷൻ മേധാവി ഉർസുല വോൺ ഡെർ ലെയ്ൻ ഈ മാസം 27-ന് ഇന്ത്യ സന്ദർശിക്കും. ലെയ്ൻറെ മൂന്നാമത് ഇന്ത്യാ സന്ദർശനമാണിത്. രണ്ടുദിവസം നീളുന്ന സന്ദർശനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി പ്രതിനിധിതല ചർച്ചകൾ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

****************************************************************************************

## REV. JAISHANKAR-MODI-US VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.എസ്. സന്ദർശനം ഫലപ്രദമായിരുന്നുവെന്നും സന്ദർശനത്തിലൂടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെട്ടുവെന്നും വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ. ഇരു നേതാക്കൾക്കും തങ്ങളുടെ രാജ്യങ്ങളെക്കുറിച്ച് വ്യക്തമായ ദർശനമുണ്ടെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു.

****************************************************************************************

****************************************************************************************

*********************************************